LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ഫെബ്രുവരി 10, വ്യാഴം

വാല്യം–124] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2005 ഫെബ്രുവരി മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ...(ചോദ്യം 205)

ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ നടപടി

1 [*205] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി അടുത്ത 25 വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടിക്കണ്ട് ബൃഹത്ത് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിച്ചെടുക്കുന്നതിനുമായി എന്തെങ്കിലും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ;

GCPT. 2/2311/2012/DTP.

(ബി) ഇല്ലെങ്കിൽ ഇത്തരം പദ്ധതികളെക്കുറിച്ച് പഠിച്ച് നടപടി സ്വീകരിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 16-ാം പവർ സർവ്വേ റിപ്പോർട്ട് പ്രകാരം 2016-2017-ാം ആണ്ടാകുമ്പോഴേക്കും കേരളത്തിന്റെ വൈദ്യുതി ആവശ്യം 9491 മെഗാവാട്ടും, 56718 മില്യൺ യൂണിറ്റും ആയിരിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ ആവശ്യം നിറവേറ്റുന്നതിനും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിച്ചെടുക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ പ്രധാനമായവ ഇനി പറയുന്നവയാണ്:

1. 10-ാം പഞ്ചവൽസര പദ്ധതി കാലയളവിൽ 18 ജലവൈദ്യുത പദ്ധതികൾ നടപ്പാക്കി 440.36 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കുക.
2. 11-ാം പദ്ധതിക്കാലത്ത് 20 ജലവൈദ്യുത പദ്ധതികൾ മുഖേന 549.80 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കുക.
3. എൽ.എൻ.ജി. ഉപയോഗിച്ച് കായംകുളം താപവൈദ്യുത നിലയത്തിന്റെ ശേഷി 1950 മെഗാവാട്ട് കൂടി വർദ്ധിപ്പിക്കുമ്പോൾ അതിന്റെ അർഹമായ വിഹിതം കേരളത്തിന് ലഭ്യമാക്കുക.
4. കേന്ദ്ര താപ നിലയങ്ങളിൽ നിന്ന് 1017 മെഗാവാട്ട് വൈദ്യുതി കൂടി സംസ്ഥാനത്തിന് ലഭ്യമാക്കുക.
5. കൂടംകുളം ആണവനിലയം ആദ്യഘട്ടത്തിൽ നിന്നും 266 മെഗാവാട്ട് ലഭ്യമാക്കുക.
6. എൽ.എൻ.ജി. ഉപയോഗിച്ച് സ്വകാര്യ മേഖലയിൽ 513 മെഗാവാട്ടിന്റെ കണ്ണൂർ പവർ പ്രോജക്ട് സ്ഥാപിക്കുക.
7. പ്രസരണ-വിതരണ ശൃംഖല മെച്ചപ്പെടുത്തി വൈദ്യുതി നഷ്ടം കുറയ്ക്കുക.
8. അന്യ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന താപ/ആണവ നിലയങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് ആവശ്യമായ പവർ ഹൈവേ നിർമ്മിക്കുക.
9. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ ചെറുകിട ജല വൈദ്യുത പദ്ധതികളും കാറ്റിൽനിന്നുള്ള വൈദ്യുത പദ്ധതിയും സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുക. ഇതിന്റെ ആദ്യപടിയായി കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് രാമക്കൽമേട്ടിൽ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ദീർഘകാല ആവശ്യം കണക്കിലെടുത്താണ് മേൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

ശ്രീ. പി. ജെ. ജോയി: ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് ഉല്പാദന രംഗത്ത് വളരെയധികം മുൻഗണന നൽകുന്നത് ശ്ലാഘനീയമാണ്. കെ.എസ്.ഇ.ബി. തുടങ്ങിയ കാലം മുതൽ ഇന്നുവരെ ഓരോ

LIBRARY ARCHIVES Kerala Legislative Assembly

ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് വഴിയും എത്ര മെഗാവാട്ട് വീതം വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: 1940-ലാണ് ആദ്യമായി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് തുടങ്ങിയത്. ഞാൻ ആ ലിസ്റ്റു വായിക്കാം. പള്ളിവാസൽ 37.50 മെഗാവാട്ട് (19-3-1940-ൽ കമ്മീഷൻ ചെയ്തു.), ചെങ്കുളം 48 മെഗാവാട്ട് (5-1-1954-ൽ കമ്മീഷൻ ചെയ്തു.), പെരിങ്ങൽക്കുത്ത് 32 മെഗാവാട്ട് (3-6-1957-ൽ കമ്മീഷൻ ചെയ്തു.), നേര്യമംഗലം, 45 മെഗാവാട്ട് (27-1-1961-ൽ കമ്മീഷൻ ചെയ്തു.), പന്നിയാർ 29 മെഗാവാട്ട് (29-12-1963-ൽ കമ്മീഷൻ ചെയ്തു.), ശബരിഗിരി 300 മെഗാവാട്ട് (18-4-1966-ൽ കമ്മീഷൻ ചെയ്തു.), ഷോളയാർ, 54 മെഗാവാട്ട് (5-9-1996-ൽ കമ്മീഷൻ ചെയ്തു.), കുറ്റിയാടി, 75 മെഗാവാട്ട് (8-11-1972-ൽ കമ്മീഷൻ ചെയ്തു.), ഇടുക്കി 780 മെഗാവാട്ട് (2-12-1976-ൽ കമ്മീഷൻ ചെയ്തു.), ഇടമലയാർ 75 മെഗാവാട്ട് (2-3-1987-ൽ കമ്മീഷൻ ചെയ്തു.), കല്ലട 15 മെഗാവാട്ട് (1-5-1994-ൽ കമ്മീഷൻ ചെയ്തു.), പേപ്പാറ 3 മെഗാവാട്ട് (15-6-1996-ൽ കമ്മീഷൻ ചെയ്തു.), ലോവർ പെരിയാർ 180 മെഗാവാട്ട് (30-1-1997-ൽ കമ്മീഷൻ ചെയ്തു.), മാട്ടുപ്പെട്ടി 2 മെഗാവാട്ട് (14-1-1998-ൽ കമ്മീഷൻ ചെയ്തു.), പെരിങ്ങൽ 16 മെഗാവാട്ട് (20-3-1999-ൽ കമ്മീഷൻ ചെയ്തു.), കക്കാട് 50 മെഗാവാട്ട് (14-10-1999-ൽ കമ്മീഷൻ ചെയ്തു.), കുറ്റിയാടി വിപുലീകരണം (27-1-2001-ൽ കമ്മീഷൻ ചെയ്തു.), മലമ്പുഴ 2.50 മെഗാവാട്ട് (26-11-2001-ൽ കമ്മീഷൻ ചെയ്തു.), ചെമ്പുകടവ്- I-ഉം II-ഉം (25-1-2004-ൽ കമ്മീഷൻ ചെയ്തു.), ഉറുമി-I-ഉം II-ഉം (25-1-2004-ൽ കമ്മീഷൻ ചെയ്തു.).

ശ്രീ. പി. ജെ. ജോയി: ഇലക്ട്രിസിറ്റി ബോർഡിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ കാര്യക്ഷമമാക്കുക എന്നുള്ളതാണ് പ്രധാനമായും എടുക്കേണ്ട നയമെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് ഉറച്ചുനിൽക്കുന്നു. ഇപ്പോഴുള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിന്റെ കടബാദ്ധ്യത ഒരു പ്രശ്നമായി നിൽക്കുകയാണ്. ഈ കടബാദ്ധ്യത ഇപ്പോൾ എത്രയാണ്? അത് ഏതെല്ലാം കാലഘട്ടത്തിൽ എത്ര വീതം വന്നുവെന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇലക്ട്രിസിറ്റി ബോർഡിന്റെ കടബാദ്ധ്യത കുറഞ്ഞു വരികയാണ് ചെയ്യുന്നത്. അത് 2003-04-ൽ അയ്യായിരത്തിൽപ്പരം കോടി രൂപയായിരുന്നു. 2001-ലും 2002-ലും 2003-ലും കുറഞ്ഞു. 2003-04-ൽ അയ്യായിരത്തിൽപ്പരം കോടി രൂപ എന്നത് 2004-05-ൽ 4500 കോടി രൂപയായി കുറയുകയാണ് ചെയ്തത്.

ശ്രീ. വി. ഡി. സതീശൻ: ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് ഒട്ടേറെ വിവാദങ്ങൾക്ക് വഴി വച്ച പദ്ധതിയാണ് കണ്ണൂർ പവർ പ്രോജക്ട്. മഴ പെയ്തു തീർന്നിട്ടും മരം ഇപ്പോഴും പെയ്യുന്നു എന്നു പറയുന്നതുപോലെ, ഇടതു ഭരണം അവസാനിച്ചിട്ടും ഇപ്പോഴും വിവാദത്തിന്റെ മഴയൊച്ച അവസാനിക്കാത്ത പദ്ധതിയാണ് കണ്ണൂർ പവർ പ്രോജക്ട്. ഇത്തരം പദ്ധതികൾ വരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുടെ മെറിറ്റും ഡീമെറിറ്റും ചർച്ച ചെയ്യപ്പെടാതെ, പദ്ധതികൾ വിവാദങ്ങളിൽപ്പെട്ട് അടഞ്ഞാറാണ് പതിവ്. അതാണ് കേരളത്തിന്റെ ശാപം. എന്റെ ചോദ്യം കണ്ണൂർ പവർ പ്രോജക്ടിന്റെ സ്ഥിതി ഇപ്പോൾ എന്തായി എന്നാണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇവിടെ electricity-യ്ക്ക് വളരെ scarcity ഉള്ള സമയത്ത് ആലോചനയിൽ വന്നതാണ് കണ്ണൂർ പവർ പ്രോജക്ട്. പവർ പ്രോജക്ടുകൾ മലബാർ ഭാഗത്ത് വളരെ കുറവാണ്. അതുകൊണ്ട് ട്രാൻസ്മിഷൻ ലോസ് നമുക്ക് വളരെ കൂടാൻ സാധ്യതയുണ്ട്. കണ്ണൂർ പവർ പ്രോജക്ട് സംസ്ഥാനത്ത് വളരെ ആവശ്യമായിട്ടുള്ള ഒന്നാണ്. അതുകൊണ്ട് 513 മെഗാവാട്ടിന്റെ ഒരു നാഫ്താ ബേസ്ഡ് power plant-നുവേണ്ടിയാണ് ആദ്യം പ്ളാൻ ചെയ്തത്. അതിനുള്ള എല്ലാ അംഗീകാരവും നൽകി. നാഫ്ത വളരെ വില കൂടിയ ഒരു മെറ്റീരിയലാണ്. ഇതിപ്പോൾ എൽ.എൻ.ജി. ആക്കാൻ അപേക്ഷിക്കുകയും അതിനുള്ള അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. അത് മുൻ ഗവൺമെന്റിന്റേയോ എൽ.ഡി.എഫ്. ഗവൺമെന്റിന്റേയോ യു.ഡി.എഫ്. ഗവൺമെന്റിന്റേയോ കുഴപ്പംകൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതു നടത്തിക്കൊണ്ടുപോകാൻ പറ്റാത്തത് അവിടത്തെ മാനേജുമെന്റിലുള്ള പ്രശ്നങ്ങളാണ്. ഏതായാലും ഈ പദ്ധതി നടത്തിക്കൊണ്ടുപോകാനുള്ള എല്ലാവിധ പ്രോൽസാഹനങ്ങളും ഈ സർക്കാർ നൽകും.

ശ്രീ. എ. സി. ഷൺമുഖദാസ്: ഈ ആണവ നിലയങ്ങളിൽ നിന്നും നമുക്കു കിട്ടേണ്ട വൈദ്യുതിയുടെ കണക്കുകളൊക്കെ പറഞ്ഞു. സംസ്ഥാനത്തെ ആണവ നിലയങ്ങളെ സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നയമെന്താണ്? ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് വല്ല നയവും രൂപീകരിച്ചിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ആണവ നിലയത്തെ സംബന്ധിച്ച് പറഞ്ഞത് ഇവിടെ തുടങ്ങാൻ വേണ്ടിയല്ല. അക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റിന് വളരെ വ്യക്തമായ നയമുണ്ട്. Density of population കൂടിയ ഒരു സംസ്ഥാനമാണ് കേരളം. അതുമൂലം കുറച്ചു ബുദ്ധിമുട്ടുണ്ടാകുമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇപ്പോൾ കൂടംകുളത്ത് ഒന്നുണ്ട്. അതിന്റെ ഡിസ്റ്റൻസ് നോക്കുമ്പോൾ, അത് ഏകദേശം കേരളത്തിലുള്ളതിനു തുല്യമാണ്. ആണവ നിലയം തുടങ്ങാനുള്ള ഒരു തീരുമാനവും സർക്കാർ എടുത്തിട്ടില്ല. 266 മെഗാവാട്ട് വൈദ്യുതി ആണവ നിലയങ്ങളിൽ നിന്നും കിട്ടും. അങ്ങനെ പറയാനുള്ള കാരണം സെൻട്രൽ ഗവൺമെന്റിന്റെ പോളിസി അനുസരിച്ച് ഇപ്പോൾ സൗത്ത് ഇന്ത്യ, ആന്ധ്രയിലെ രാമകുണ്ഡം, കായംകുളത്തുള്ള എൻ.ടി.പി.സി.യുടെ പ്രോജക്ട് തുടങ്ങിയവയിൽ നിന്നൊക്കെ അതാതു സംസ്ഥാനങ്ങൾക്ക് ഒരു വിഹിതം കിട്ടും. കേരളം, ആന്ധ്രാപ്രദേശ്, കർണ്ണാടകം, പോണ്ടിച്ചേരി തുടങ്ങിയ സംസ്ഥാനങ്ങൾക്ക് ഒരു വിഹിതമുണ്ട്. ആ വിഹിതം നിർബന്ധമായും നമുക്ക് കിട്ടേണ്ടതാണ്. അതു കിട്ടുകയും ചെയ്യും. അത് ഗാഡ്ഗിൽ ഫോർമുല അനുസരിച്ചുള്ളതാണ്. ആ ഫോർമുലയനുസരിച്ച് സൗത്ത് ഇന്ത്യയിൽ എവിടെ വന്നാലും അതിന്റെ സ്ഥാപിതശേഷിയുടെ 14 ശതമാനം കിട്ടാൻ നമുക്ക് അർഹതയുണ്ട്. ആ 14 ശതമാനമാണ് ആദ്യഘട്ടത്തിൽ 266 മെഗാവാട്ടായി കണക്കാക്കുന്നത്. അതല്ലാതെ കേരളത്തിൽ ആണവ നിലയം സ്ഥാപിച്ച് ഇല്ക്ട്രിസിറ്റി ഉല്പാദിപ്പിക്കുന്നതല്ല. ഗാഡ്ഗിൽ ഫോർമുലയനുസരിച്ച് അതു നമുക്ക് കിട്ടേണ്ടതാണ്. ഇതുവരെ കിട്ടുകയും ചെയ്തിട്ടുണ്ട്. സൗത്ത് ഇന്ത്യയിലുണ്ടാക്കിയിട്ടുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ടിൽ നിന്നും കിട്ടിയിട്ടുണ്ട്. നമ്മുടേതിൽ നിന്നും അങ്ങോട്ടും കൊടുക്കാൻ സാധിക്കും. ഇവിടെ ആണവ നിലയം തുടങ്ങാനുള്ള ഒരു തീരുമാനവും സർക്കാർ എടുത്തിട്ടില്ല.

ഡോ. എം. എ. കുട്ടപ്പൻ : സർ, കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാൻ ലക്ഷ്യംവച്ചുകൊണ്ടാണ് കൊച്ചിയിലെ പുതുവൈപ്പിനിൽ എൽ.എൻ.ജി. സ്ഥാപിക്കുവാനുള്ള നിർദ്ദേശമുള്ളത്. അതിനാവശ്യമായ നാല്പത്തിയെട്ട് ഹെക്ടർ ഭൂമി പെട്രോനെറ്റിന് അനുവദിച്ചുകൊടുത്തുകഴിഞ്ഞു. എല്ലാ ക്ലിയറൻസും ലഭിച്ചു കഴിഞ്ഞു. ഗ്യാസ് സപ്ലൈ ചെയ്യാൻ ഉദ്ദേശിക്കുന്ന ഖത്തർന്റെ ഡെപ്യൂട്ടി പ്രൈം മിനിസ്റ്റർ വന്നു സ്ഥലംകണ്ട് തൃപ്തി രേഖപ്പെടുത്തി പോയിരിക്കുകയാണ്. അടുത്ത സെപ്റ്റംബറിൽ കല്ലിടാൻ തക്ക രീതിയിൽ നടപടികൾ മുന്നോട്ടുപോയിരിക്കുകയാണ്. പക്ഷേ ഏക തടസ്സം കേന്ദ്രത്തിലെ പെട്രോളിയം മിനിസ്ട്രിയും ഊർജ്ജ മന്ത്രാലയവും തമ്മിൽ ശീത സമരത്തിലാണ്. പെട്രോളിയം മിനിസ്ട്രിയാണ് ഇത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ദയവായി സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഈ വകുപ്പുകൾ തമ്മിലുള്ള ശീത സമരം അവസാനിപ്പിച്ച് പെട്രോനെറ്റിനെക്കൊണ്ടുതന്നെ ഈ പ്രോജക്ട് തുടങ്ങിക്കുവാൻ സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഗവൺമെന്റിന്റെ അറിവനുസരിച്ച് അങ്ങനെ വലിയ ശീതസമരമൊന്നുമില്ല. പക്ഷേ അവിടെ സാധാരണഗതിയിൽ ഓരോ മിനിസ്ട്രിയിലും ചില തർക്കങ്ങളുണ്ട്. അത് എൽ.ഡി.എഫ്. ഭരണകാലത്തും യു.ഡി.എഫ് ഭരണകാലത്തുമെല്ലാം കേരളത്തിലുള്ളതാണ്. അത് സ്വാഭാവികമാണ്. അതെല്ലാം അവിടെ സോർട്ടൗട്ട് ചെയ്തുകഴിഞ്ഞു. പ്രൈംമിനിസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആ ലൈൻ കംപ്ലീറ്റ് പെട്രോനെറ്റിനു കൊടുക്കുവാനുള്ള തീരുമാനം എടുത്തുകഴിഞ്ഞു. അതിൽ യാതൊരു പ്രശ്നവുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി 2012 വരെയുള്ള ദേശീയ വൈദ്യുത പ്ലാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. അതിൽ കേരളത്തിന്റെ പദ്ധതികൾ രണ്ടെണ്ണം മാത്രമേയുള്ളു. അത് കുറ്റ്യാടി ഓഗ്മെന്റേഷൻ-100 മെഗാവാട്ട്, ആതിരപ്പിള്ളി-163 മെഗാവാട്ട് എന്നിവയാണ്. പിന്നെയുള്ളത് കായംകുളം എക്സ്റ്റെൻഷൻ പദ്ധതിയാണ്. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് കേരളത്തിന് അർഹതപ്പെട്ട മറ്റു പദ്ധതികൾ ഈ പ്ലാനിൽപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിന്റേതായ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? അതിന് എന്തു നടപടിയാണ് എടുക്കാൻ പോകുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ പദ്ധതികളുമായി യാതൊരു ബന്ധവുമില്ലാത്ത. വേറെ ചില പദ്ധതികൾ ആസൂത്രണം ചെയ്തു. അത് ഉടനെ തന്നെ ഇവിടെ ടെന്റർ ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടു. പള്ളിവാസൽ ടെന്റർ ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടുവെന്നു മാത്രമല്ല, ഈ ഡിസംബർ മാസത്തിൽത്തന്നെ ടെന്റർ ഇൻവൈറ്റ് ചെയ്തുകഴിഞ്ഞു. അത് അങ്ങു പറഞ്ഞ ലിസ്റ്റിൽ ഇല്ലാത്തതാണ്. അതു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ചെങ്കുളം പദ്ധതിയും ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടു. അതുപോലെ അങ്ങ് പറഞ്ഞത് 2012-ലെ പദ്ധതിയിലേയുള്ളൂ. അതിലില്ലാത്തതും എടുക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, കേരളത്തിലെ ഇലക്ട്രിസിറ്റി ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി നിരവധി പഴയ പദ്ധതികളും പുതിയ പദ്ധതികളും ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കുകയുണ്ടായി. എക്കാലവും പറഞ്ഞുകേട്ടിരിക്കുന്ന ഒരു കാര്യമാണ് പ്രസരണ നഷ്ടം, വിതരണ നഷ്ടം തുടങ്ങിയവ. വലിയ ഒരു ശതമാനം ഈ ഇനത്തിൽ നഷ്ടമാകുന്നു. പുതിയ ഗവൺമെന്റ് വന്നതിനുശേഷം ഈ നഷ്ടം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? അവ ഫലപ്രദമാണോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ യു.ഡി.എഫ്. ഗവൺമെന്റ് 2001-ൽ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം നൂറ്റിയമ്പതോളം സബ്സ്റ്റേഷൻസ് തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ നൂറു ദിവസത്തിൽത്തന്നെ ഇരുപത്തിരണ്ട് സബ്സ്റ്റേഷനുകളുടെ പണി തീർത്തു. ഇതൊക്കെ വാസ്തവത്തിൽ കേരളത്തിന്റെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. പ്രസരണ നഷ്ടം കുറയ്ക്കാനും വോൾട്ടേജ് ഇംപ്രൂവ്മെന്റിനും സബ്സ്റ്റേഷൻസ് വളരെ ആവശ്യമാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുന്നൂറ്റി അമ്പത്തിയാറു കോടി രൂപ മുടക്കി എ.പി.ഡി.ആർ.പി. എന്നു പറയുന്ന ഒരു സ്കീം തുടങ്ങി. ആ സ്കീമിന്റെ ഫലമായി ധാരാളം എനർജി സേവിംഗ്സ് നമുക്കുണ്ടാക്കുവാൻ സാധിച്ചു. ഇപ്പോൾത്തന്നെ ഈ ഗവൺമെന്റ് രണ്ടു മാസത്തിനുമുമ്പ് നൂറ്റിയിരുപത്തിനാലു കോടി രൂപ മുതൽമുടക്കി ഇരുപത്തിയാറു മുനിസിപ്പാലിറ്റികളിലും എ.പി.ഡി.ആർ.പി. നടപ്പിലാക്കി. ഈ സ്കീം കൊണ്ടുള്ള ഉദ്ദേശം എനർജി സേവിംഗ്സ് ആണ്. എ.പി.ഡി.ആർ.പി.-യിൽ നാമിപ്പോൾ ചെയ്യുന്നത് 11 കെ.വി. ലൈൻ വർദ്ധിപ്പിക്കുക. ട്രാൻസ്ഫോർമേഴ്സിന്റെ എണ്ണം കൂട്ടുക തുടങ്ങിയവയാണ്. ഡെവലപ്ഡ് കൺട്രീസിലെല്ലാം എച്ച്.ടി./എൽ.ടി. റേഷ്യോ 1:1 ആണ്. അതേ അവസരത്തിൽ കേരളത്തിന്റെ എച്ച്.ടി./എൽ.ടി. റേഷ്യോ 1:62 ആണ്. 1:62 വരുന്നതുകൊണ്ട് നമുക്ക് വളരെയധികം ലോസ് വരുന്നു. വോൾട്ടേജ് പ്രോബ്ലം വരുന്നു. എ.പി.ഡി.ആർ.പി വന്ന സ്ഥലങ്ങളിലൊക്കെ എച്ച്.ടി./എൽ.ടി. റേഷ്യോ 1:62 എന്നുള്ളത് 1:42 ആക്ക് മാറ്റാൻ സാധിക്കും. അതുകൊണ്ട് ആറു ശതമാനം മുതൽ പത്തു ശതമാനം വരെ എനർജി സേവിംഗ്സ് ഉണ്ടായി. വോൾട്ടേജ് ഇംപ്രൂവ്മെന്റ് ഉണ്ടാക്കാനും സാധിച്ചു. ഇതുപോലുള്ള നടപടികളാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടുവരുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇവിടെ നേരത്തേ മറുപടി പറഞ്ഞപ്പോൾ ആതിരപ്പിള്ളി പദ്ധതിയെക്കുറിച്ച് പറഞ്ഞു. ആതിരപ്പിള്ളി പദ്ധതി നമുക്ക് ആരംഭിക്കുവാൻ കഴിയുകയില്ല എന്നത് ഒരു വസ്തുതയാണ്. ഹൈക്കോടതി കേസ്സ് ഉദ്ദേശിക്കുന്നത്, പാരിസ്ഥിതിക പ്രശ്നവുമായി ബന്ധപ്പെട്ട് ആ പദ്ധതി ഇന ആരംഭിക്കുവാൻ കഴിയാത്ത വിധത്തിലുള്ള ശക്തമായ എതിർപ്പ് ഉയർന്നുവന സാഹചര്യത്തിൽ ഇനി ആ പദ്ധതിയുമായി മുന്നോട്ടുപോകുന്നുവെന്ന് പറയുന്നതിര ഒരർത്ഥവുമില്ല. ആതിരപ്പിള്ളി പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് എന്താണ തീരുമാനമെടുത്തത്? അതിനു സമാനമായിട്ടുള്ള സൈലന്റ്വാലി പദ്ധതി നേരത്തേ

LIBRARY ARCHIVES Kerala Legislative Assembly

ഉപേക്ഷിച്ചതാണ്. പക്ഷേ ബോർഡിന്റെ ഭാഗത്തുനിന്ന് സൈലന്റ് വാലി പദ്ധതി ആരംഭിക്കുവാൻ പോകുന്നു എന്നുള്ള നീക്കം വരുകയും അതിശക്തമായ പ്രക്ഷോഭണം അവിടെ ഉയർന്നുവരുകയും ചെയ്തു. ഈ പദ്ധതിയും പോകുന്ന സാഹചര്യത്തിൽ പകരമായി പുതിയ ജലവൈദ്യുത പദ്ധതി നമ്മൾ നിർദ്ദേശിച്ചിട്ടുണ്ടോ; അതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനമോ ചർച്ചകളോ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ആതിരപ്പിള്ളിയും സൈലന്റ് വാലിയും പൂയംകുട്ടിയും പോയി. പകരം പദ്ധതി സജസ്റ്റ് ചെയ്തോ എന്നു ചോദിച്ചാൽ ആ പദ്ധതിക്കും ഈ ആക്ഷേപം വരും. ഏതു പദ്ധതിക്കും വരും. ഒരു കാര്യം ഞാൻ പറയുന്നു. ഹൈഡൽ പ്രോജക്ടില്ലാതെ കേരളത്തിന് നിലനില്ക്കാൻ സാധിക്കുകയില്ല. ഹൈഡൽ പ്രോജക്ടിൽ നമ്മുടെ കോസ്റ്റ് ഓഫ് ജനറേഷൻ മുപ്പത് പൈസയുടെ താഴെയാണ്. അതേ അവസരത്തിൽ ഫിക്സഡ് കോസ്റ്റും വേരിയബിൾ കോസ്റ്റും കണക്കാക്കുമ്പോൾ നാഫ്തയുടെ കോസ്റ്റ് നാല് രൂപയ്ക്ക് മീതേ വരുന്നു എന്നുള്ള കാര്യം മനസ്സിലാക്കണം. കേരളത്തിന്റെ വ്യവസായവും കൃഷിയും സർവ്വീസ് സെക്ടറും ശക്തിപ്പെടണമെങ്കിൽ ഹൈഡൽ പ്രോജക്ടിലേയ്ക്ക് പോകണം. ഹൈഡൽ പ്രോജക്ട് വരുമ്പോൾ വളരെയധികം എൻവയേൺമെന്റ് പ്രോബ്ലം ഉണ്ടാക്കണമെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല. എൻവയോൺമെന്റ് പ്രോബ്ലം പരമാവധി കുറച്ച് എത്ര പ്രോജക്ടുകൾ ചെയ്യാൻ സാധിക്കുമെന്നു നോക്കണം. ശാസ്ത്രജ്ഞന്മാരൊക്കെ പറയുന്ന എൻവയേൺമെന്റ് പ്രോബ്ലം ഒന്നുമില്ല എന്നുള്ള അഭിപ്രായം എനിക്കില്ല. അത് ഉണ്ട്. പക്ഷേ അത് ലഘൂകരിക്കുവാൻ സാധിക്കണം. അതില്ലെങ്കിൽ കേരളത്തിന് പിടിച്ചുനില്ക്കുവാൻ പറ്റാത്ത സാഹചര്യമുണ്ടാകും. ആതിരപ്പിള്ളി പോലുള്ള ഒരു പദ്ധതി ഉപേക്ഷിക്കുന്നത് കേരളത്തിനു ഏറ്റവും വലിയ നഷ്ടമായിരിക്കുമെന്നാണ് എന്റെ പക്ഷം.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, കേരളത്തിലെ വൈദ്യുതി പ്രതിസന്ധി തീർക്കുന്നതിന് ഹൈഡൽ പ്രോജക്ടിനു പുറമെ തെർമൽ പവർ പ്രോജക്ടും കൂടി ആരംഭിക്കുന്നതിന് കോസ്റ്റ് കൂടുമെന്നുള്ളത് ശരിതന്നെ. അതുപോലെതന്നെ പ്രസരണ നഷ്ടം ഇല്ലാതാക്കുന്നതിന് പ്രൊഡക്ഷനിലും ട്രാൻസ്മിഷനിലും ഡിസ്ട്രിബ്യൂഷനിലും മോഡേണൈസേഷൻ നടപടികൾ സ്വീകരിച്ചുകൂടെ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, തെർമൽ പവർ ഉപയോഗിക്കുന്നു. ഇപ്പോൾ തന്നെ തെർമൽ പവർ 1830 മെഗാവാട്ടാണ്. ഹൈഡൽ പവർ 771 മെഗാവാട്ടും. തെർമൽ പവർ ഉപയോഗിക്കുന്നു എന്നുമാത്രമല്ല അതിൽ നാഫ്ത വിലകൂടിയതുമാണ്. എൽ.എൻ.ജി ടെർമിനൽ വന്നുകഴിഞ്ഞാൽ കോസ്റ്റ് കുറയും. അത് സാംഗ്ഷൻ ചെയ്തുകഴിഞ്ഞു. അപ്പോൾ അതുപയോഗിച്ചുകൊണ്ട് നമുക്ക് തെർമൽ പവറിലേയ്ക്ക് പോകാതെ നിർവാഹമില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കണ്ണൂർ പ്രോജക്ട് 513 മെഗാവാട്ടാണ്. അത് കണ്ണൂരിൽ എങ്ങനെയെങ്കിലും തുടങ്ങണം എന്ന്. വാസ്തവത്തിൽ ആ കമ്പനി അല്ലെങ്കിൽ വേറെ കമ്പനിയായാലും വിരോധമില്ല. ട്രാൻസ്മിഷൻ ലോസ് കുറയ്ക്കാൻ മലബാറിൽ ഇതാവശ്യമാണ്. അതുകൊണ്ട് മലബാറിൽ ഇതുപോലത്തെ ഒരു പ്രോജക്ട് വേണം. അതിന് ഏറ്റവും പറ്റിയത് കണ്ണൂർ പവർ പ്രോജക്ടാണ്. ഇനി അവിടെ ഏതെങ്കിലും പ്രൈവറ്റ് വ്യക്തികൾ

അപേക്ഷിച്ചാൽ അതും നൽകും. അതാണ് ഗവൺമെന്റിന്റെ നയം. അതിനെ പരമാവധി പ്രോൽസാഹിപ്പിക്കും. ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരത്തിൽ ഞാൻ അത് പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. സി. കെ. നാണു : സർ, ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിന് സംസ്ഥാനത്തിന്റെ വൈദ്യുതിപൂളിലേയ്ക്ക് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്ന ഏതെങ്കിലും മേഖലകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ ശ്രമിക്കുന്നുണ്ടോ? അങ്ങനെ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനു പകരം നമ്മുടെ സ്റ്റേറ്റിലെ ബാങ്കിംഗ് ഏജൻസികളെ ഉപയോഗിച്ച് വൈദ്യുതി ബോർഡ് ഇത്തരത്തിലുള്ള പദ്ധതി ആവിഷ്കരിക്കാൻ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സ്വകാര്യ മേഖലയ്ക്ക് നമ്മൾ ഒന്നും കൊടുത്തിട്ടില്ല. നമ്മൾതന്നെ ചില പ്രോജക്ടുകൾ തുടങ്ങുന്നു. പള്ളിവാസൽ ജലവൈദ്യുത പദ്ധതി നമ്മൾ നേരിട്ടാണ് തുടങ്ങുന്നത്. അതുപോലെ ചെങ്കുളം ജലവൈദ്യുത പദ്ധതി തുടങ്ങാൻ പോകുകയാണ്. ഇതുപോലെ പല പ്രോജക്ടുകളും തുടങ്ങുന്നു. അതേയവസരത്തിൽ എൽ.ഡി.എഫ്. ആണെങ്കിലും യു.ഡി.എഫ്. ആണെങ്കിലും അംഗീകരിച്ച് നടപ്പാക്കിയ ഒരു നയമാണ് ജനറേഷൻ സെക്ടറിൽ പണി ചെയ്യുന്നതിന് സ്വകാര്യമേഖലയെ അനുവദിക്കുകയെന്നുള്ളത്. അത് അവിടെനിന്ന് തുടങ്ങിയതാണ്. ഞങ്ങളും അംഗീകരിച്ചതാണ്. അങ്ങ് പറഞ്ഞതുപോലെ ഇവിടെ പ്രോജക്ട് തുടങ്ങാൻ പണത്തിന് പ്രയാസമുണ്ടെന്നുള്ള അഭിപ്രായം എനിക്കില്ല. കാരണം അതിനുവേണ്ടി ബാങ്കിനെ സമീപിക്കേണ്ട കാര്യമില്ല. നമുക്ക് പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും പണം കിട്ടും, കേന്ദ്രത്തിന്റേതായിട്ടുള്ളതുണ്ട്. ആർ.ഇ.സി. യുണ്ട്. പണം കിട്ടാൻ ഒരു പ്രയാസവുമില്ല. പണമില്ല എന്ന കാരണത്താൽ ഒരിക്കലും സ്വകാര്യ മേഖലയ്ക്ക് കൈമാറേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പന്നിയാർ, ചെങ്കുളം, പള്ളിവാസൽ എന്നീ പദ്ധതികൾക്ക് കരാർ വെച്ചതിൽ വൻപിച്ച തോതിൽ ക്രമക്കേടുകളുണ്ടായിട്ടുണ്ടെന്ന പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ഉത്തരവിട്ടുണ്ടെങ്കിൽ വിജിലൻസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അതിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ സഭയിൽത്തന്നെ വന്നതാണ്. എൽ.ഡി.എഫ് ഭരണകാലത്തുതന്നെ ധാരാളം ആക്ഷേപങ്ങൾ സഭയിൽ വന്നത് ഞാൻ ഓർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനെക്കുറിച്ച് അന്വേഷിക്കാൻ വിജിലൻസ് എൻക്വയറിക്ക് ഓർഡർ ഇട്ടു. വിജിലൻസ് ഇതിന്റെ അന്വേഷണം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ് ഞാൻ അന്വേഷിച്ചപ്പോൾ വിജിലൻസ് എൻക്വയറി അവസാന സ്റ്റേജിലാണെന്നാണ് അറിയാൻ കഴിഞ്ഞത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, എനർജി ഉൽപ്പാദനത്തെക്കുറിച്ച് മാത്രമല്ല, പ്രസരണ നഷ്ടത്തെക്കുറിച്ചും അങ്ങ് ഇവിടെ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനാവശ്യമായ പല

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുമുണ്ട്. നമ്മൾ തീരുമാനിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന്റെ ഫലമായി പല പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മലയോര മേഖലകളിൽ; അതിൽ ഏറ്റവും വലിയ ഉദാഹരണമെന്നു പറയുന്നത് വെള്ളോറയിൽ രണ്ട് മൂന്ന് വർഷത്തിന് മുൻപ് സാംഗ്ഷൻ ചെയ്തിട്ടുള്ള ഒരു ട്രാൻസ്ഫോർമറിന്റെ പ്രവർത്തനം ഉദ്യോഗസ്ഥരുടെ അനാസ്ഥകൊണ്ടാണോ എന്നറിയില്ല. പല സാങ്കേതിക കാരണങ്ങളും പറഞ്ഞ് പ്രവർത്തി പൂർത്തിയാക്കാത്തതിന്റെ ഫലമായി തൊട്ടടുത്ത സ്കൂളുകളിൽ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാനാവശ്യമായ വിദ്യുച്ഛക്തി പോലും ലഭിക്കുന്നില്ല. സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും ഉൾപ്പെടെയുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ശക്തമായ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എല്ലാ പദ്ധതികളും സമയബന്ധിതമായി തീർക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി എ.പി.ഡി.ആർ.പി. രണ്ട് കൊല്ലം കൊണ്ട് തീർക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടക്കുന്നുണ്ട്. ട്രാൻസ്ഫോർമറിന്റെ കാര്യത്തിൽ ഇതുപോലുള്ള സാധനങ്ങൾ ഓർഡർ ചെയ്തുകിട്ടാൻ താമസംവരുന്നതുകൊണ്ടാണ് താമസം നേരിടുന്നത്. അത് പെട്ടെന്ന് കിട്ടാനുള്ള ശ്രമം ബോർഡ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഉദ്യോഗസ്ഥരുടെ കുറ്റംകൊണ്ടാണെന്ന് പറയുന്നത് പൂർണ്ണമായും ശരിയാണെന്ന അഭിപ്രായം എനിക്കില്ല.

ശ്രീ. സി. പി. മുഹമ്മദ് : സർ, കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ മൊത്തം ഉൽപ്പാദനശേഷിതന്നെ പരിപൂർണ്ണമായും ഉപയോഗപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ പറഞ്ഞു പാരമ്പര്യേതര ഊർജ്ജ പരിപാടിക്ക് കൂടുതൽ പ്രോൽസാഹനം നൽകുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തുവെന്ന്. വിൻഡ്, മൈക്രോ-ഹൈഡ്രൽ, സോളാർ ബയോ എനർജി, ചൂള, തിരമാലകൾ തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, ഉൾപ്പെടെയുള്ളവയെ വൈദ്യുതി നിർമ്മാണ രംഗത്തു കൊണ്ടുവന്നാൽ ബയോ-എനർജിയുടെ പ്രധാന ഗുണം ലഭ്യമാകുകയും പരിസ്ഥിതി പ്രശ്നത്തിനുകൂടി അത് സഹായകരമാകുകയും ചെയ്യും. അതുപോലെ wind energy protection-നെക്കുറിച്ച് ANERT ഒരുപാട് സ്ഥലത്ത് സർവ്വെ നടത്തിയിരുന്നു. അതിന് കൂടുതൽ പ്രാധാന്യം കൊടുക്കണം. ഇതിനുവേണ്ടി എത്ര തുക കെ.എസ്.ഇ.ബി നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : Wind mill-നെ സംബന്ധിച്ചിടത്തോളം അത് അനർട്ടാണ് ചെയ്യുന്നത്; കെ.എസ്.ഇ.ബി. അല്ല. ഇടുക്കിയിലെ രാമക്കൽമേട്ടിൽ 27 മെഗാവാട്ടിന്റെ ഒരു പദ്ധതി ടെന്റർ ചെയ്തു കഴിഞ്ഞു. അതിന്റെ കമ്മീഷൻസ് കിട്ടി. അതിൽ രണ്ട് മെഗാവാട്ട് അനർട്ട് നേരിട്ടും പതിനഞ്ചും പത്തും യൂണിറ്റുകൾ വേറെയും ചെയ്യാൻ ഉദ്ദേശിക്കുകയാണ്. അതുപോലെതന്നെ പാലക്കാട് ജില്ലയിൽ കുറേക്കൂടി സാദ്ധ്യതയുണ്ടെന്ന് കാണുന്നു. പാലക്കാട് കഞ്ചിക്കോട്ട് ഇപ്പോൾ പ്രവർത്തിക്കുന്ന നാല് മില്യൻ യൂണിറ്റ് ഉണ്ടാക്കുന്ന രണ്ട് മെഗാവാട്ടിന്റെ ഒരു യൂണിറ്റുള്ളത് Wind mill-ൽ ആണ്. അട്ടപ്പാടി പ്രദേശത്ത് ഈയിടെ ഞാൻ അനർട്ടിന്റെ ആളുകളെകൊണ്ട് ഒരു സ്റ്റഡി നടത്തിച്ചു. കഞ്ചിക്കോട്ടിനേക്കാൾ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യത അട്ടപ്പാടി പ്രദേശത്താണ് കണ്ടത്. അത് ചെയ്യാൻവേണ്ടിയുള്ള ചില ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. പിന്നെ അങ്ങ് പറഞ്ഞു കശുവണ്ടിയുടെ തോടിൽനിന്നൊക്കെ എനർജി എടുക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്ന്. തിരമാലകളുടെ കാര്യത്തിൽ നമുക്ക് പണ്ടേ ഒരു യൂണിറ്റ് ഉണ്ട്. അത്തരത്തിലുള്ള കാര്യങ്ങളൊക്കെ പരിശോധിച്ച് അത് പരമാവധി പ്രോൽസാഹിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് ലോകത്ത് വിവിധ തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. Raw Materials ന്റെ വില വർദ്ധനവുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞ സന്ദർഭത്തിൽ കണ്ണൂർ പവർ പ്രോജക്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ഇത് ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം ആണ് നഗര ശുചീകരണവുമായി ബന്ധപ്പെട്ടത്. മുമ്പ് ഗവേഷണപരമായ രീതിയിൽ ഊർജ്ജം ഉത്പാദിപ്പിക്കുന്നതിന്, ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കുന്നതിന് solid waste ഉപയോഗിക്കാൻ സാധിക്കുമെന്നും അതിനെ അടിസ്ഥാനപ്പെടുത്തി കണ്ണൂർ ജില്ലയിൽ ഒരു പദ്ധതി സ്ഥാപിക്കാൻ ആവശ്യമായ ശ്രമം നടത്തുമെന്നും പരീക്ഷണാർത്ഥത്തിൽ ആ രീതിയിൽ ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് തീരുമാനിക്കപ്പെട്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിലപാട് സ്വീകരിക്കാൻ തയ്യാറാവുമോ? ശുചിത്വത്തിന്റെ ഭാഗമായി കേരളത്തെ രക്ഷിക്കാനും അതുപോലെ തന്നെ ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കാനും സാധിക്കും. ഇത് solid waste ഉപയോഗിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ്. അങ്ങനെ ഒരു പദ്ധതിക്ക് രൂപം നൽകാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇത് നടക്കുന്ന കാര്യമാണ്; ഇത് കേരളത്തിൽ എത്രമാത്രം നടത്താൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം; പ്രത്യേകിച്ച് സിറ്റിയുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ അവിടെയാണ് വേസ്റ്റ് വരുന്നത് അത് എത്രമാത്രം ചെയ്യാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ബോർഡും ഗവൺമെന്റും ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

വൈദ്യുതി ബോർഡിലെ മെറ്റീരിയൽ മാനേജ്മെന്റ്

2. (*206) ശ്രീ മത്തായി ചാക്കോ :

,, കോടിയേരി ബാലകൃഷ്ണൻ :

,, ടി. പി. രാമകൃഷ്ണൻ :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) അശാസ്ത്രീയമായ മെറ്റീരിയൽ മാനേജ്മെന്റിന്റെ ഫലമായി ഇലക്ട്രിസിറ്റി ബോർഡ് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ മെറ്റീരിയൽസ് വാങ്ങാതിരിക്കുകയും ആവശ്യമല്ലാത്തവ വാങ്ങിക്കൂട്ടുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly